## ALL INDIA RADIO THIRUVANANTHAPURAM

### ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 13.06.2024**

## പ്രധാനവാർത്തകൾ

1. ജി- 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഇറ്റലിയിലേക്ക് പുറപ്പെടും. ഇന്ത്യയ്ക്കും ഇറ്റലിക്കുമിടയിലെ നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്താൻ സന്ദർശനം ഉപകരിക്കുമെന്ന് പ്രധാനമന്ത്രി.

2. കുവൈറ്റ് തീപിടിത്തത്തിൽ മരിച്ചവരിൽ, 20-ലേറെ മലയാളികൾ. മൃതദേഹങ്ങൾ അതിവേഗം നാട്ടിലെത്തിക്കുന്നതിന് നടപടികൾ ഊർജ്ജിതമാക്കി വിദേശകാര്യ മന്ത്രാലയം.

3. അടിയന്തര സഹായം ഉറപ്പുവരുത്തുന്നതിനായി വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധ സിങ്ങ് കുവൈറ്റിലെത്തി. ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവരെ കേന്ദ്രമന്ത്രി സന്ദർശിച്ചു.

4. സുപ്രീം കോടതി നിയോഗിച്ച അഞ്ചംഗ മേൽനോട്ട സമിതി മുല്ലപ്പെരിയാർ അണക്കെട്ടിൽ പരിശോധന ആരംഭിച്ചു.

5. ഐസിസി പുരുഷ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ്- നെതർലാൻഡ്സ് പോരാട്ടം.

RNU TVPM

**************************************

## ജി-7

ജി- 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഇറ്റലിയിലേക്ക് പുറപ്പെടും. മൂന്നാം തവണ ഇന്ത്യൻ പ്രധാനമന്ത്രിയായ ശേഷമുള്ള ശ്രീ നരേന്ദ്രമോദിയുടെ ആദ്യ വിദേശയാത്രയാണിത്. ഇന്ത്യയ്ക്കും ഇറ്റലിക്കുമിടയിലെ നയതന്ത്ര പങ്കാളിത്തത്തെയും ഇന്തോ-പെസഫിക് സഹകരണത്തെയും ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്ന് പ്രധാനമന്ത്രി യാത്രയ്ക്ക് മുന്നോടിയായി മാധ്യമങ്ങളോട് പറഞ്ഞു. ജി20-ജി7 സഹകരണം ഇതിലൂടെ മെച്ചപ്പെടുത്താൻ സാധിക്കുമെന്ന പ്രത്യാശയും അദ്ദേഹം പങ്കുവച്ചു. ഉച്ചകോടിയുടെ ഭാഗമായി നാളെ നടക്കുന്ന ഔട്ട്റീച്ച് സെഷനിൽ ശ്രീ മോദി പങ്കെടുക്കും. നിർമ്മിത ബുദ്ധി, ഊർജം, ആഫ്രിക്കൻ - മെഡിറ്ററേനിയൻ മേഖല തുടങ്ങിയ വിഷയങ്ങളാണ് ഇതിൽ ചർച്ച ചെയ്യുക. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മേലോണിയുമായും മറ്റ് ജി-7 നേതാക്കളുമായും ശ്രീ നരേന്ദ്ര മോദി ഉഭയകക്ഷി ചർച്ചകൾ നടത്തും. തുടർച്ചയായ അഞ്ചാം തവണയാണ് അദ്ദേഹം ജി- 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നത്.

**************************************

## കുവൈറ്റ് (ഇൻട്രോ)

കുവൈറ്റിലെ മംഗഫ് മേഖലയിൽ, തൊഴിലാളികൾ താമസിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിൽ ഇന്നലെയുണ്ടായ തീപിടിത്തത്തിൽ മരിച്ച 49 പേരിൽ, 20 ലേറെ മലയാളികൾ. ഇതിൽ 15 പേരുടെ മരണം ഔദ്യോഗികമായി സ്ഥിരീകരിച്ചു. മരിച്ചവരിൽ നാൽപതിലേറെപ്പേർ ഇന്ത്യയിൽ നിന്നുള്ളവരാണ്. പരിക്കേറ്റ 50-ഓളം പേരിൽ 9 പേരുടെ നില ഗുരുതരമാണ്. അടിയന്തരസഹായം

RNUTVPM

ഉറപ്പുവരുത്തുന്നതിനായി വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധ സിങ്ങ് കുവൈറ്റിലെത്തി. വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവരെ അദ്ദേഹം സന്ദർശിച്ച് സഹായങ്ങൾ ഉറപ്പു നൽകി. കുവൈറ്റ് വിദേശകാര്യ മന്ത്രിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമെന്നും, പരിക്കേറ്റവർക്ക് മികച്ച ചികിത്സ ഉറപ്പുവരുത്തുമെന്നും, സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്നും കുവൈറ്റ് വിദേശകാര്യമന്ത്രി കൂടിക്കാഴ്ചയിൽ ഉറപ്പുനൽകി. മൃതദേഹങ്ങൾ എത്രയും പെട്ടെന്ന് നാട്ടിലെത്തിക്കാനുള്ള നടപടികൾ വിദേശ കാര്യ മന്ത്രാലയവും, ഇന്ത്യൻ എംബസിയും സ്വീകരിച്ചു വരികയാണ്. അപകടത്തിൽപ്പെട്ട മലയാളികൾക്കായുള്ള സഹായ നടപടികൾ ഏകോപിപ്പിക്കുന്നതിനായി ആരോഗ്യമന്ത്രി വീണാ ജോർജും കുവൈറ്റിലെത്തും. ദുരന്തത്തിൽ സംസ്ഥാന മന്ത്രിസഭ അനുശോചനം രേഖപ്പെടുത്തി. ദുരന്തബാധിതർക്ക് അടിയന്തര ധനസഹായവും മന്ത്രിസഭാ യോഗം പ്രഖ്യാപിച്ചു.

വിശദാംശങ്ങളിലേക്ക്.............

(വോയിസ്)

RNU TVPM

***************************************

## <u>കുവൈറ്റ് (വോയിസ്)</u>

കുവൈറ്റിൽ തൊഴിലാളി ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ മരണമടഞ്ഞ മലയാളികളുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപ വീതം നൽകാനും ഇന്ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി. പരിക്കേറ്റ മലയാളികളുടെ ചികിത്സ, മൃതദേഹങ്ങൾ നാട്ടിലെത്തിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ആരോഗ്യ

മന്ത്രി വീണാ ജോർജും, NHM ഡയറക്ടർ ജീവൻ ബാബുവും കുവൈറ്റിലെത്തും. അപകടബാധിതർക്ക് വേണ്ട സഹായം ലഭ്യമാക്കുന്നതിനായി നോർക്കയുടെ ആഭിമുഖ്യത്തിൽ ഹെൽപ്പ് ഡസ്ക്കും, കോൺടാക്ട് സെൻററും മുഴുവൻ സമയവും പ്രവർത്തിക്കുന്നുണ്ട്. 1800 425 3939 എന്ന ടോൾഫ്രീ നമ്പരിൽ ഇന്ത്യയിൽ നിന്നും കോൺടാക്ട് സെൻററുമായി ബന്ധപ്പെടാവുന്നതാണ്.

ന്യൂസ് ഡസ്ക്ക്, ആകാശവാണി..............

**************************************

## കുവൈറ്റ് -മരണം

കുവൈറ്റ് തീപിടിത്തത്തിൽ മരണം സ്ഥിരീകരിച്ച മലയാളികൾ കൂടുതൽപേരും പത്തനംതിട്ട സ്വദേശികൾ. പത്തനംതിട്ട സ്വദേശികളായ ആറുപേരെയാണ് ഇതുവരെ തിരിച്ചറിഞ്ഞത്. കീഴ് വായ്പൂർ സ്വദേശി സിബിൻ ടി.എബ്രഹാം, തിരുവല്ല മേപ്രാൽ ചിറയിൽ തോമസ് ഉമ്മൻ, നിരണം സ്വദേശി മാത്യു ജോർജ്, കോന്നി അട്ടച്ചാക്കൽ സജു വർഗീസ്, വാഴമുട്ടം സ്വദേശി പി.വി മുരളീധരൻ, പന്തളം ഐരാണിക്കുഴിയിൽ ആകാശ് എസ്. നായർ എന്നിവരാണ് അപകടത്തിൽ മരണമടഞ്ഞ പത്തനംതിട്ട സ്വദേശികൾ. ചങ്ങനാശ്ശേരി ഇത്തിത്താനം സ്വദേശി ശ്രീഹരി പ്രദീപ്, മലപ്പുറം കൂട്ടായി സ്വദേശി നൂഹ്, പുലാമന്തോൾ മരക്കാടത്ത് പറമ്പിൽ ബാഹുലേയൻ, കോട്ടയം പായിപ്പാട് സ്വദേശി ഷിബു വർഗീസ്, തൃശൂർ ചാവക്കാട് സ്വദേശി ബിനോയ് തോമസ്, തിരുവനന്തപുരം ഉഴമലയ്ക്കൽ സ്വദേശി അരുൺ ബാബു, കണ്ണൂർ ധർമടം സ്വദേശി വിശ്വാസ് കൃഷ്ണൻ, പയ്യന്നൂർ വയക്കരയിൽ നിതിൻ എന്നിവരെയും തിരിച്ചറിഞ്ഞിട്ടുണ്ട്.

RNUTVPM

**************************************

## ലോക കേരള സഭ

കുവൈറ്റ് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, ഇന്ന് നടക്കാനിരുന്ന ലോക കേരള സഭയുടെ ഉദ്ഘാടന സമ്മേളനവും സെമിനാറും അനുബന്ധ പരിപാടികളും ഒഴിവാക്കി. നാളെയും മറ്റന്നാളും സമ്മേളനം മുൻ നിശ്ചയിച്ച പ്രകാരം നടക്കും. എന്നാൽ ആഘോഷ പരിപാടികളും, അലങ്കാര ദീപങ്ങളും ഉണ്ടാവില്ല. അതേസമയം ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ ലോക കേരള സഭ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ പാർട്ടികൾ രംഗത്തുവന്നു.

***************************************

## നീറ്റ് - യു.ജി

നീറ്റ് പരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭിച്ച 1,563 പേരുടെ സ്കോർ കാർഡുകൾ റദ്ദാക്കുമെന്ന് കേന്ദ്രസർക്കാർ. ഇവർക്ക് ഈ മാസം 23 ന് വീണ്ടും പരീക്ഷയെഴുതാൻ അവസരം നൽകുമെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചു. പുനഃപരീക്ഷയുടെ ഫലം ഈ മാസം 30 ന് പ്രസിദ്ധീകരിക്കും. റീടെസ്റ്റ് എഴുതിയില്ലെങ്കിൽ ഗ്രേസ് മാർക്ക് ഒഴികെയുള്ള മാർക്ക് നില നൽക്കുമെന്നും സർക്കാർ സുപ്രീം കോടതിയെ അറിയിച്ചു.

***************************************

## പക്ഷിപ്പനി - ആലപ്പുഴ

ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ജാഗ്രതാ നിർദേശം നിലനിൽക്കുന്ന പ്രദേശങ്ങളിൽ താറാവ്, കോഴി, കാട, മറ്റു വളർത്തുപക്ഷികൾ ഇവയുടെ മുട്ട, ഇറച്ചി, കാഷ്ഠം എന്നിവയുടെ

RNUTVPM

ഉപയോഗവും വിപണനവും നിരോധിച്ചു. കൈനകരി, ആര്യാട്, മാരാരിക്കുളം തെക്ക്, ചേർത്തല തെക്ക്, കഞ്ഞിക്കുഴി, തുടങ്ങിയ ഇടങ്ങളിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ പുന്നമട, കരളകം, പൂന്തോപ്പ്, കൊറ്റംകുളങ്ങര, തുടങ്ങിയ വാർഡുകളിലുമാണ് ഈ മാസം 22 വരെ നിരോധനമുള്ളത്. ആലപ്പുഴയിൽ 10 കേന്ദ്രങ്ങളിലാണ് കഴിഞ്ഞ രണ്ടു മാസങ്ങൾക്കിടെ പക്ഷിപ്പനി സ്ഥിരീകരിച്ചത്.

**************************************

## മുഖ്യമന്ത്രി -കാൻ

കാൻ ചലച്ചിത്ര മേളയിൽ തിളങ്ങിയ മലയാളി ചലച്ചിത്ര പ്രവർത്തകരെ മുഖ്യമന്ത്രി പിണറായി വിജയൻ ആദരിച്ചു. അഭിനേതാക്കളായ കനി കുസൃതി, ദിവ്യപ്രഭ, ഹൃദു ഹാറൂൺ, അസീസ്
നെടുമങ്ങാട് എന്നിവരെയാണ് ആദരിച്ചത്. കുവൈത്തിലെ തൊഴിലാളി ക്യാമ്പിലുണ്ടായ ദുരന്തത്തിൻ്റെ പശ്ചാത്തലത്തിൽ മാസ്ക്കോട്ട് ഹോട്ടലിൽ നടത്താനിരുന്ന പരിപാടി മുഖ്യമന്ത്രിയുടെ ചേമ്പറിലേക്ക് മാറ്റിയിരുന്നു.

**************************************

## മുല്ലപ്പെരിയാർ

സുപ്രീം കോടതി നിയോഗിച്ച അഞ്ചംഗ മേൽനോട്ട സമിതി മുല്ലപ്പെരിയാർ അണക്കെട്ടിൽ പരിശോധന ആരംഭിച്ചു. എല്ലാ വർഷവും അണക്കെട്ടിൽ പരിശോധന നടത്തണമെന്നാണ് സുപ്രീം കോടതിയുടെ നിർദ്ദേശം. 2023 മാർച്ചിലാണ് സമിതി അവസാനമായി അണക്കെട്ടിൽ പരിശോധന നടത്തിയത്. അതിന് ശേഷം അണക്കെട്ടിൽ നടത്തിയ അറ്റകുറ്റപ്പണികളും, വള്ളക്കടവിൽ നിന്ന് മുല്ലപ്പെരിയാർ അണക്കെട്ടിലേയ്ക്ക്

RAIUTVPM

വനമേഖലയിലൂടെയുള്ള റോഡിന്റെ അവസ്ഥയും സംഘം പരിശോധിക്കും. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി പഴയ അണക്കെട്ട് പൊളിക്കുമ്പോഴുണ്ടാകാവുന്ന പാരിസ്ഥിതിക ആഘാത പഠനത്തിനുള്ള അനുമതിക്കായി സർക്കാർ വനം പരിസ്ഥിതി മന്ത്രാലത്തിനെ സമീപിച്ചത് തമിഴ് നാട് എതിർത്തിരുന്നു. ഈ സാഹചര്യത്തിലാണ് മേൽനോട്ട സമിതിയുടെ സന്ദർശനം. പരിശോധനക്ക് ശേഷം വെള്ളിയാഴ്ച സംഘം യോഗം ചേരും.

**************************************

## ഹൈക്കോടതി - സിബി മാത്യൂസ്

RNU TVPM

സൂര്യനെല്ലി കേസിലെ അതിജീവിതയുടെ വ്യക്തിവിവരങ്ങൾ വെളിപ്പെടുത്തിയ മുൻ ഡിജിപി സിബി മാത്യൂസിനെതിരെ കേസെടുക്കാൻ ഹൈക്കോടതി ഉത്തരവ്. സിബി മാത്യൂസ് എഴുതിയ പുസ്തകത്തിലാണ് അതിജീവിതയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയത്. പെൺകുട്ടിയുടെ പേര് പറഞ്ഞിട്ടില്ലെങ്കിലും ഇവരുടെ മാതാപിതാക്കളുടെയും സ്കൂളിന്റെയും വിവരങ്ങൾ നൽകിയതായും ഇത് നിയമ ലംഘനമാണെന്നും കോടതി നിരീക്ഷിച്ചു. വിഷയത്തിൽ കേസെടുത്ത് വിശദമായ അന്വേഷണം നടത്താൻ പോലീസിനോട് ഹൈക്കോടതി നിർദ്ദേശിച്ചു.

**************************************

## ട്രഷറി - വ്യാജ ചെക്ക്

തിരുവനന്തപുരം കഴക്കൂട്ടം സബ് ട്രഷറിയിൽ നിന്ന് വ്യാജ ചെക്ക് ഉപയോഗിച്ച് 15 ലക്ഷം രൂപ തട്ടിയെടുത്ത സംഭവത്തിൽ അഞ്ച് ജീവനക്കാരെ സസ്പെൻഡ് ചെയ്തു. ജൂനിയർ സൂപ്രണ്ടുമാരായ സാലി, സുജ, അക്കൗണ്ടൻറുമാരായ ഷാജഹാൻ, വിജയ് രാജ്, ഗിരീഷ് എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. സംഭവത്തിൽ

കഴക്കൂട്ടം പോലീസ് കേസെടുത്തു. മരിച്ചവരുടെ അക്കൗണ്ടുകളിൽ നിന്നുൾപ്പെടെ പണം തട്ടിയെടുത്തതായി ധനംവകുപ്പിലെ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. പെൻഷൻകാരിയായ ശ്രീകാര്യം ചെറുവക്കൽ സ്വദേശി എം. മോഹനകുമാരി കഴക്കൂട്ടം സബ് ട്രഷറി ഓഫീസർക്കും പൊലീസിലും പരാതി നൽകിയതിന് പിന്നാലെയാണ് തട്ടിപ്പ് പുറത്തായത്.

***************************************

## ട്വന്റി-20

ഐസിസി പുരുഷ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ്-നെതർലാൻഡ്സ് പോരാട്ടം. കിങ്സ്ടൗണിൽ രാത്രി 8 മണിക്കാണ് മത്സരം.

***************************************

## രാമങ്കരി പഞ്ചായത്ത് തിരഞ്ഞെടുപ്പ്

ആലപ്പുഴ രാമങ്കരി പഞ്ചായത്തിൽ CPIM പിന്തുണയോടെ യുഡിഎഫ് അധികാരത്തിലെത്തി. പ്രസിഡന്റായി കോൺഗ്രസ് പഞ്ചായത്ത് അംഗം ആർ.രാജുമോനെ തിരഞ്ഞെടുത്തു. വിപ്പ് ലംഘിച്ചാണ് സിപിഐഎം അംഗങ്ങൾ UDF സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്തത്. CPIM വിമത നേതാവ് ആർ രാജേന്ദ്രകുമാറിനെ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തുനിന്ന് നീക്കാനായിരുന്നു കോൺഗ്രസുമായി ചേർന്ന് സിപിഐഎം ഔദ്യോഗിക പക്ഷം പഞ്ചായത്തിൽ അവിശ്വാസം കൊണ്ടു വന്നത്.

***************************************

RNU TVPM

## ടൈപ്പ് 1 പ്രമേഹം-മനുഷ്യാവകാശ കമ്മീഷൻ

ടൈപ്പ്- വൺ പ്രമേഹ ബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കൾക്കും, ടൈപ്പ്- വൺ പ്രമേഹ ബാധിതരായ സർക്കാർ ജീവനക്കാർക്കും വീടിന് സമീപമുള്ള സർക്കാർ സ്ഥാപനങ്ങളിൽ സ്ഥലമാറ്റം നൽകാൻ സർക്കാർ ഉത്തരവ്. വിഷയത്തിൽ നടപടി സ്വീകരിക്കാൻ മനുഷ്യാവകാശ കമ്മീഷൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

****************************************

## കാട്ടാന-വയനാട്

വയനാട്ടിൽ കാട്ടാനയുടെ ആക്രമണത്തിൽ ഓട്ടോ ഡ്രൈവർക്ക് പരിക്ക്. തിരുനെല്ലി , അപ്പപ്പാറ സ്വദേശി ശ്രീനിവാസനാണ് പരിക്കേറ്റത്. അപ്പപ്പാറ ഫോറസ്റ്റ് സ്റ്റേഷന് സമീപം ഇന്ന് രാവിലെയായിരുന്നു ആക്രമണം.

RNU TVPM

**********************************

*****************